## ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം

### രക്തമോ രക്തഘടകങ്ങളോ ആവശ്യമായി വരുന്ന രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും അറിവിലേയ്ക്ക്

ശസ്ത്രക്രിയ വേളയിലും മറ്റു ചില സന്ദർഭങ്ങളിലും ജീവൻ നിലനിർത്താനായി രോഗികൾക്ക് രക്തം സ്വീകരിക്കേണ്ടി വരാം. എന്നാൽ രക്തം സ്വീകരിക്കുമ്പോൾ (ബ്ലഡ് ട്രാൻസ്ഫ്യൂഷൻ) വളരെ അപൂർവ്വമായി ചില പാർശ്വഫലങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. രക്തത്തിലൂടെ പകരുന്ന ചില രോഗങ്ങളാണ് രക്തപ്പകർച്ച വഴി ഉണ്ടാകാവുന്ന പ്രധാന പാർശ്വഫലം. രക്തദാതാക്കളെ തെരഞ്ഞെടുക്കുന്നതിലും രക്തശേഖരണം അണുവിമുക്തമാക്കുന്നതിലും രക്തജന്യരോഗങ്ങളുടെ പരിശോധനയിലും ഞങ്ങൾ അതീവ ശ്രദ്ധ നൽകാറുണ്ടെങ്കിലും ട്രാൻസ്ഫ്യൂഷനു ശേഷം രക്തം സ്വീകരിക്കുന്നയാൾക്ക് എയ്ഡ്സ്, മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ വളരെ അപൂർവ്വമായി പിടിപെടാനുള്ള സാദ്ധ്യതയുണ്ട്. രക്തദാതാക്കൾ രോഗാണുബാധയുടെ പ്രാരംഭഘട്ടത്തിൽ ആയിരിക്കുമ്പോഴാണ് ഇത് സംഭവിക്കുക. ഇക്കാലത്ത് ദാതാവ് രോഗാണുവാഹകനായിരിക്കുമെങ്കിലും രക്തപരിശോധനയിലൂടെ രോഗാണുബാധ കണ്ടുപിടിക്കപ്പെടുന്നില്ല.

ബ്ലഡ് ട്രാൻഫ്യൂഷന്റെ. മറ്റൊരു പാർശ്വഫലം, രക്തത്തെ ബാഹ്യവസ്തുവായി കരുതി ശരീരം അതിനെതിരെ നടത്തുന്ന പ്രവർത്തനവും അലർജിയുമാണ്. ഇത് രോഗിയുടെ ശരീരത്തിൽ സ്വയം ഉള്ള സവിശേഷതകൾ കൊണ്ട് ഉണ്ടാകുന്നതാണ്. ഇവയൊന്നും മുൻകൂട്ടി കണ്ടുപിടിക്കുവാനോ ഒഴിവാക്കുവാനോ കഴിയുന്നതല്ല.

പ്രായപൂർത്തിയായ രോഗിയും നിയുക്ത പ്രതിനിധിയും മുകളിൽ വിവരിച്ച കാര്യങ്ങൾ ബ്ലഡ് ട്രാൻസ്ഫ്യൂഷനു സമ്മതപത്രം നൽകുന്നതിന് മുമ്പ് വായിച്ചിരിക്കേണ്ടതാണ്.

### സമ്മതപത്രം

ഞാൻ.......................................................................
എനിക്ക്/എന്റെ ഭാര്യയ്ക്ക്/ഭർത്താവിന്/മകൻ/മകൾ/അമ്മയ്ക്ക്/അച്ഛൻ/സഹോദരൻ/സഹോദരിക്ക് രക്തപ്പകർച്ച നൽകുന്നതിന് സമ്മതം നൽകുന്നു. മുകളിൽ വിവരിച്ച രക്തപ്പകർച്ചയുടെ (ബ്ലഡ് ട്രാൻസ്ഫ്യൂഷൻ) ഫലങ്ങളും പാർശ്വഫലങ്ങളും വായിച്ചു മനസ്സിലാക്കിയശേഷമാണ് ഈ സമ്മതപത്രം ഒപ്പുവയ്ക്കുന്നത്.

രോഗിയുടെപേര് ആശുപത്രി നമ്പർ

തീയതി

ഡോക്ടറുടെ പേരും ഒപ്പും

തീയതി

രോഗിയുടെ/നിയുക്തപ്രതിനിധിയുടെ ഒപ്പ്